## ചരമോപചാരം

വി. വി. ദക്ഷിണാമൂർത്തി

മുൻ നിയമസഭാ സാമാജികൻ, വി. വി. ദക്ഷിണാമൂർത്തി 2016 ആഗസ്റ്റ് 31-ന് അന്തരിച്ചു.

കോഴിക്കോട് ജില്ലയിലെ പാലേരിയിൽ ടി. ആർ. വാര്യരുടെയും നാരായണി വാരസ്യാരുടെയും മകനായി 1935 മെയ് 20-ന് വി. വി. ദക്ഷിണാമൂർത്തി ജനിച്ചു. വിദ്യാർത്ഥി പ്രസ്ഥാനത്തിലൂടെ പൊതുരംഗത്ത് എത്തി. 26 വർഷം സ്കൂൾ അദ്ധ്യാപകനായി ഔദ്യോഗിക സേവനം നിർവ്വഹിച്ച അദ്ദേഹം അദ്ധ്യാപക സംഘടനയുടെ മുൻനിര നേതാവായി പ്രവർത്തിച്ചു. അദ്ധ്യാപകവൃത്തിയിൽനിന്നും സ്വമേധയാ വിരമിച്ചതിനുശേഷം വിദ്യാഭ്യാസ മേഖലയിലെ രാഷ്ട്രീയ ഉദ്ബോധനം ശക്തിപ്പെടുത്തുന്നതിൽ സുപ്രധാന പങ്ക് വഹിച്ചു.

1967-ൽ മൂന്നാം കേരള നിയമസഭയിലേയ്ക്കും 1980-ൽ ആറാം കേരള നിയമസഭയിലേയ്ക്കും പേരാമ്പ്ര മണ്ഡലത്തിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ടു.

മലബാർ ഐക്യ വിദ്യാർത്ഥി സംഘടനയുടെ ആദ്യ ജോയിന്റ് സെക്രട്ടറി, കേരള സോഷ്യലിസ്റ്റ് യൂത്ത് ഫെഡറേഷന്റെ ആദ്യ കോഴിക്കോട് ജില്ലാ പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ച അദ്ദേഹം പതിനൊന്ന് വർഷം ദേശാഭിമാനി

ദിനപത്രത്തിന്റെ ചീഫ് എഡിറ്ററായിരുന്നു. നിലവിൽ ദേശാഭിമാനി പ്രിന്റിംഗ് ആന്റ് പബ്ലിഷിംഗ് കമ്പനി മാനേജിംഗ് ഡയറക്ടറായി പ്രവർത്തിച്ചുവരുമ്പോഴാണ് അദ്ദേഹത്തിന്റെ നിര്യാണം.

ഉജ്ജ്വല വാഗ്മി കൂടിയായിരുന്ന അദ്ദേഹത്തിന് മാർക്സിസ്റ്റ് ദർശനങ്ങളിൽ അഗാധമായ പരിജ്ഞാനമുണ്ടായിരുന്നു. മികച്ച പത്രാധിപർ, പാർലമെന്റേറിയൻ, പ്രഭാഷകൻ, പരിഭാഷകൻ, അദ്ധ്യാപകൻ, ട്രേഡ് യൂണിയൻ നേതാവ് എന്നീ നിലകളിലും അദ്ദേഹം കേരളത്തിന്റെ പൊതു മണ്ഡലത്തിൽ മായാത്ത വ്യക്തിമുദ്ര പതിപ്പിച്ചു. അടിയന്തരാവസ്ഥക്കാലത്ത് അദ്ദേഹം 16 മാസം ജയിൽവാസം അനുഭവിച്ചിട്ടുണ്ട്. അസാധാരണമായ ലാളിത്യംകൊണ്ട് ആരെയും വിസ്മയിപ്പിച്ച അദ്ദേഹം, പൊതുപ്രവർത്തകർക്ക് ഒരു മാതൃകയായിരുന്നു.

കേരള നിയമസഭയുടെ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി ചെയർമാൻ, പേരാമ്പ്ര റീജിയണൽ കോ-ഓപ്പറേറ്റീവ് ബാങ്ക് പ്രസിഡന്റ്, സി.പി.ഐ (എം) കോഴിക്കോട് ജില്ലാ സെക്രട്ടറി, സി.പി.ഐ (എം) സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്.

വി. വി. ദക്ഷിണാമൂർത്തിയുടെ നിര്യാണത്തോടെ പ്രഗത്ഭനായ ഒരു പത്രാധിപനേയും ലാളിത്യമാർന്ന ജീവിത ശൈലിക്കുടമയായ ഒരു

പൊതുപ്രവർത്തകനേയും മികച്ച ഒരു പാർലമെന്റേറിയനേയുമാണ് നമുക്ക് നഷ്ടമായത്.

<u>കെ. പുരുഷോത്തമൻ പിള്ള</u>

മുൻ നിയമസഭാംഗമായിരുന്ന കെ. പുരുഷേത്തമൻ പിള്ള 2016 സെപ്റ്റംബർ 13- ന് അന്തരിച്ചു.

കോട്ടയം ജില്ലയിലെ കടയനിക്കാടിൽ കൃഷ്ണപിള്ളയുടെയും ലക്ഷ്മിക്കുട്ടി അമ്മയുടെയും മകനായി 1930 ഒക്ടോബറിൽ ജനിച്ചു.

മൂന്നാം കേരള നിയമസഭയുടെ കാലയളവിൽ 1967 മുതൽ 1970 വരെ വാഴൂർ മണ്ഡലത്തിനെ പ്രതിനിധാനം ചെയ്തു.

എ.ഐ.എസ്.എഫ്.ലൂടെ രാഷ്ട്രീയ പ്രവർത്തനം ആരംഭിച്ച കെ. പുരുഷോത്തമൻ പിള്ള സി.പി.ഐ കോട്ടയം ജില്ലാ കമ്മിറ്റി, കോട്ടയം ജില്ലാ വികസന കൗൺസിൽ, കോട്ടയം റബ്ബർ പ്ലാന്റേഷൻ കമ്മിറ്റി, എന്നിവയിൽ അംഗമായിരുന്നു. കോട്ടയം ജില്ലാ കർഷക സംഘം പ്രസിഡന്റായും പ്രവർത്തിച്ചിട്ടുണ്ട്.

പ്രമുഖ അഭിഭാഷകനായിരുന്ന അദ്ദേഹം 1962-63 കാലഘട്ടത്തിൽ നടന്ന അമരാവതി സമരവുമായി ബന്ധപ്പെട്ട് ജയിൽവാസം അനുഭവിച്ചിട്ടുണ്ട്.

കെ. പുരുഷോത്തമൻ പിള്ളയുടെ നിര്യാണത്തോടെ കഴിവുറ്റ ഒരു പാർലമെന്റേറിയനേയും മികച്ച ഒരു പൊതു പ്രവർത്തകനേയുമാണ് നമുക്ക് നഷ്ടമായിട്ടുള്ളത്.

അന്തരിച്ച മഹത് വ്യക്തികളോടുള്ള ആദരസൂചകമായി നമുക്ക് അല്പസമയം എഴുന്നേറ്റ് നിൽക്കാം.

(പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പസമയം എഴുന്നേറ്റുനിന്ന് മൗനമാചരിച്ചു.)